നെടുമുടി 55/97	4.8.1997
നെടുമുടി 56/97	4.8.1997
നെടുമുടി 57/97	4.8.1997
നെടുമുടി 58/97	5.8.1997
ചെങ്ങന്നൂർ പി.എസ്. 397/97	18.5.1997
ചെങ്ങന്നൂർ പി.എസ് 402/97	6.7.97
ചെങ്ങന്നൂർ പി.എസ് 404/97	07.07.1997
ചെങ്ങന്നൂർ പി.എസ്. 415/97	14.7.1997
ചെങ്ങന്നൂർ പി.എസ്. 446/97	4.8.97
ചെങ്ങന്നൂർ പി.എസ്. 447/97	4.8.97
ചെങ്ങന്നൂർ പി.എസ് 448/97	4.8.97
കോട്ടയം ജില്ല	
ചിങ്ങവനം ക്രൈം 3/97	5.1.97
കണ്ണൂർ ജില്ല	
ഇരിക്കൂർ 165/96	21.11.96
ഇരിക്കൂർ 167/96	23.11.96

(സി)&(ഡി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ശരിയല്ല.

(എഫ്) എല്ലാ കേസ്സുകളുടെയും ചാർജ്ജ് ഷീറ്റ് ബന്ധപ്പെട്ട കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്.

വനിതാ ജീവനക്കാരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച കേസ്സുകൾ

55 (711)ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ ജോലി നോക്കുന്ന വനിതാ ജീവനക്കാരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) "വിശാഖാ വേഴ്സസ് സ്റ്റേറ്റ്" കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിശാഖാ വേഴ്സസ് സ്റ്റേറ്റ് കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിപ്രകാരം ഉദ്യോഗസ്ഥരായ വനിതകൾക്ക് ലഭിക്കുന്ന ആനുകൂല്യം മറ്റ് ഇതര തൊഴിൽ മേഖലയിൽ ജോലി നോക്കുന്ന സ്ത്രീകൾക്കുകൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14 കേസ്സുകൾ.

(ബി) ഇപ്രകാരം കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) "വിശാഖാ വേഴ്സസ് സ്റ്റേറ്റ്" കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ പ്രയോജനം സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് കൂടി ലഭ്യമാക്കുന്നതിനായി 1958-ലെ കേരള ഇൻഡസ്ട്രീസിൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ റൂൾസിൽ) ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഗജമേള ദുരന്തം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

56 (712) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധിജി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ നടത്തിയ ഗജമേളയിൽ ആന ഇടഞ്ഞ പ്രശ്നമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരാൾ മരിക്കുകയും നിരവധി പേർക്ക് പരിക്ക് പറ്റുകയും ചെയ്ത സംഭവത്തെപ്പറ്റി ഗവൺമെന്റ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെ വകുപ്പുകളാണ് അന്വേഷണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണത്തിന്റെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

(ഡി) റവന്യൂ സെക്രട്ടറി വി.എസ്. സെന്തിലിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സെന്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊടുപുഴയിൽ ഗജമേളയോടനുബന്ധിച്ചുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുവാൻ റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.എസ്. സെന്തിലിനെ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചിരുന്നു. കൂടാതെ പോലീസ് വകുപ്പിൽ ദക്ഷിണ മേഖലാ ഐ.ജി. ശ്രീ. രാജൻ മഥേക്കറും അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) റവന്യൂ സെക്രട്ടറി ശ്രീ. വി.എസ്. സെന്തിലിനെ ഗജമേളയിലുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചിരുന്നു. കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരം

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

Table 1		Table 2				
Year	Aliyar dam own catchment yield	Nirar	Kerala Sholayar	Parambikulam Group	Manacadavu	Total
83-84	7062	1324	13844		7710	22878
84-85	7351	1461	13273		7690	22424
85-86	6293	987	12290		7176	20453
86-87	6748	1240	11357		7283	19880
87-88	4815	1252	10336		7344	18932
88-89	6336	1357	12267		7180	20804
89-90	7943	1048	11758		7275	20081
90-91	5963	1043	11054		7287	19384
91-92	7918	1401	11303		7205	19909
92-93	10033	1283	13729	960	7468	23440
93-94	8728	1760	10110		7999	19869
94-95	10439	1106	12654	2960	7901	24621
95-96	7085	814	10149		7316	18279
96-97	7866	1123	12335		7907	21365
97-98	7952	1298	14266		7570	23134
98-99	9575	2540	15676		8023	26239

All figures in Mcft.

അനുബന്ധം IX

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 56 (712) കാണുക.)

i) കാർഷികമേള സംഘടിപ്പിക്കുന്നതിന് ഏതാനും പേർക്ക് എതിർപ്പുണ്ടായിരുന്നുവെന്ന് അവർ പുറത്തിറക്കിയ നോട്ടീസുകളും ലഘുലേഖകളും വ്യക്തമാക്കുന്നു.

ii) വാളണ്ടിയേഴ്സ് ഉൾപ്പെടെ ധാരാളം ആൾക്കാർ ആനകൾക്കൊപ്പം ഇടകലർന്നിരുന്നതുകൊണ്ട് അക്കൂട്ടത്തിൽ ചിലർ ആനകളെ ഉപദ്രവിച്ചിട്ടുണ്ടാകാം എന്ന് വിശ്വസിക്കാതിരിക്കാൻ കാരണമൊന്നും കാണുന്നില്ല.

iii) വീഡിയോ റെക്കാർഡുകളിൽനിന്ന് ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് മതിയായ സംവിധാനങ്ങളുണ്ടായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്.

iv) സംഘാടകരുടെയും പോലീസിന്റെയും പരസ്പരവിരുദ്ധമായ പ്രസ്താവനകളിൽനിന്നും അവർക്കിടയിൽ വേണ്ടത്ര ഏകോപനം ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

v) അനിഷ്ടസംഭവത്തിനുശേഷം സ്ഥിതിഗതികൾ പെട്ടെന്നു തന്നെ സാധാരണനിലയിലെത്തിക്കുന്നതിനും കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും പോലീസ് പരമാവധി പ്രവർത്തിച്ചിട്ടുണ്ട്.

vi) ഘോഷയാത്ര പാലത്തിന്റെ നടുവിൽ എത്തിയപ്പോഴാണ് സംഭവം തുടങ്ങിയതെന്നു തോന്നുന്നു. കുട്ടിയാനകൾ ബഹളം വയ്ക്കാനും ഓടാനും തുടങ്ങിയത് ഈ സമയത്താണെന്നും കാണുന്നു.

vii) കുട്ടിയാനകൾ ഓടാൻ തുടങ്ങിയപ്പോൾ പരിഭ്രാന്തരായ ആൾക്കാർ പാലംവഴി ഓടാൻ തുടങ്ങുകയും ഈ പരക്കം പാച്ചിലിനടിയിൽ പലരും റോഡിൽ വീഴുകയും അവർക്കും പരിക്കുപറ്റുകയുമുണ്ടായി.

viii) ശ്രീ. ജോസിന് ഈ സമയത്ത് പരിക്കേൽക്കുകയും നെഞ്ചിലേറ്റ പരിക്കുകൾ അദ്ദേഹത്തിന്റെ മരണത്തിനിടയാക്കുകയും ചെയ്തിരിക്കാം. നെഞ്ചിൽ പരിക്കേറ്റത് കുട്ടിയാനകളുടെ ചവിട്ടേറ്റാണോ അതോ ജനക്കൂട്ടത്തിന്റെ ചവിട്ട് കൊണ്ടാണോ എന്ന് വ്യക്തമല്ല. എന്നാൽ ഇവയിൽ ഏതെങ്കിലും ഒരു കാരണത്താലോ അല്ലെങ്കിൽ രണ്ടു കാരണങ്ങളും കൊണ്ടോ ഇതു സംഭവിച്ചിരിക്കാം.

ix) ഭാഗ്യവശാൽ വലിയ ഒരു ദുരന്തം ഒഴിവായി. ജനങ്ങൾ നിറഞ്ഞിരുന്ന പാലത്തിൽ ആനകൾ നിൽക്കുമ്പോൾ പരക്കംപാച്ചിൽ പിന്നിലേയ്ക്കു വ്യാപിച്ചിരുന്നെങ്കിൽ ജനക്കൂട്ടം പുഴയിലേക്ക് ചാടേണ്ടി വരുമായിരുന്നു.

x) ഗജഘോഷയാത്ര പാലത്തിൽക്കൂടി കടന്നുപോകുമ്പോൾ ഏതെങ്കിലും വ്യക്തിയോ അഥവാ ഒരു കൂട്ടം ആളുകളോ ആനക്കുട്ടികളെ ശല്യപ്പെടുത്തുകയോ പ്രകോപിപ്പിക്കുകയോ ചെയ്തുവോ എന്ന് തീർച്ചയില്ല.

xi) അതുപോലെ സ്ത്രീകൾ കയറിയ ജീപ്പോ, 'ഫോർ രജിസ്ട്രേഷൻ' ബോർഡുമായി വന്നുവെന്ന് കരുതുന്ന ജീപ്പോ പാലത്തിലേയ്ക്ക് കയറിയതാണോ ആനക്കുട്ടികൾ ഓടുവാനും അതിനെത്തുടർന്ന് ആളുകൾ പരക്കം പായുവാനും കാരണമായതെന്ന് തീർച്ചയില്ല.

xii) ആരോപണങ്ങളും പ്രത്യാരോപണങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ ജീപ്പുകൾ പാലത്തിലേക്ക് ഇരച്ചുകയറിയതുമൂലമാണോ, അതോ ഏതെങ്കിലും വ്യക്തിയോ, വ്യക്തികളോ ആനക്കുട്ടികളെ പാലത്തിൽവച്ച് ഉപദ്രവിച്ചതുമൂലമാണോ അവ മുന്നോട്ടോടിയതെന്നും തുടർന്ന് ആനകൾ വിരണ്ടോടിയതെന്നും, കണ്ടെത്തുന്നതിനായി ഫോട്ടോയിൽ കാണുന്ന പാപ്പാന്മാർ അടക്കമുള്ള എല്ലാവരേയും ചോദ്യം ചെയ്യുന്നതിനും വീഡിയോ കാസറ്റിന്റെ എഡിറ്റു ചെയ്യാത്ത പ്രിന്റുകൾ പിടിച്ചെടുക്കുന്നതിനും, ഒരു ക്രൈംബ്രാഞ്ചന്വേഷണത്തിന് ഉത്തരവിടേണ്ടത് ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly